**പതിമൂന്നാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.184

04.02.2013 ന് മറുപടിയ്ക്ക്.

## വനപ്രദേശങ്ങളിലെ തീവ്രവാദ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടത്താൻ സാദ്ധ്യതയുണ്ട് എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ വാർത്തകളുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റേതുമാത്രമായോ മറ്റു വകുപ്പുകളുമായി സംയുക്തമായോ പരിശോധനകൾ നടത്തി വാർത്തയിലെ യാഥാർത്ഥ്യം കണ്ടെത്തിയിട്ടുണ്ടോ ; | (ബി) വാർത്തയുടെ അടിസ്ഥാനത്തിൽ വനാന്തരങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും, വനം, പോലീസ്, എക്സൈസ് എന്നീ വിഭാഗങ്ങൾ സംയുക്തമായും, കൂടാതെ വനമേഖലാ ജാഗ്രതാ സമിതികൾ മുഖേനയും വനഭാഗങ്ങളിൽ പരിശോധന നടത്തി തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) വന പ്രദേശങ്ങളിലെ തീവ്രവാദ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | (സി) വന പ്രദേശത്ത് ഉണ്ടായേക്കാവുന്ന തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി 21.06.2012-ലെ ജി.ഒ(എം.എസ്)നം.69/2012/വനം പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ/സ്റ്റേഷൻ/റെയിഞ്ച് തലത്തിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ നടക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ രഹസ്യ വിവരശേഖരണം ശക്തിപ്പെടുത്തുകയും, ഇതിന്മേൽ സ്വീകരിക്കേണ്ട കരുതൽ നടപടികൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

(ഡി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് തീവ്രവാദ പ്രവർത്തന വാർത്തയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

(ഡി) സംസ്ഥാനത്ത് ബഹുഭൂരിപക്ഷം വനപ്രദേശങ്ങളിലും തീവ്രവാദ പ്രവർത്തന വാർത്തകളുമായി ബന്ധപ്പെട്ട് ഇതിനോടകം പരിശോധന നടത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാകയാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ കഴിയുകയില്ല.

സെക്ഷൻ ഓഫീസർ.